കേരള സർക്കാർ

# ആരക്കുഴ ഗ്രാമപഞ്ചായത്ത്
# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

കെ.എസ്.എ.ഇ.കെ.എം. (പി.8) 128/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി: 22.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:-ആരക്കുഴ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.ഇ.കെ.എം.(പി.8) 128/2020 തീയതി : 22.02.2020

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2018 മുതൽ 30.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ് കെ കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2020 മുതൽ 20.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഹരീഷ് ബാബു എൻ.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (14-01-2020 വരെ) |
| | ശ്രീ ഷിബു പൌലോസ്, സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ യോഗേഷ് ആർ., ഓഡിറ്റർ |
| | ശ്രീമതി. സ്വപ്ന.വി. ഓഡിറ്റർ (16-01-2020 മുതൽ ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | വള്ളമറ്റം കുഞ്ഞ് | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | പി.എൻ.പ്രസാദ് | 01.04.18 | 29.06.18 |
| | അഫ്സൽ രാജ് എം.ആർ.,<br>(സെക്രട്ടറി-ഇൻ ചാർജ്ജ്) | 30.06.18 | 08.07.18 |
| | രാജേഷ്.ടി.വർഗ്ഗീസ് | 09.07.18 | 31.03.19 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | അഫ്സൽ രാജ് എം.ആർ | 01.04.18 | 31.03.19 |
| കൃഷി ഓഫീസർ | സണ്ണി കെ.എസ് | 01.04.18 | 31.03.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ചിത്ര എൻ ബി | 01.04.18 | 19.06.18 |
| | എൽദോസ് പോൾ | 19.06.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | ഡോ.മോഹൻദാസ് ടി.കെ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.രേഷ്മ ചന്ദ്രൻ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മേരി കുര്യാക്കോസ് | 01.04.18 | 31.03.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഷേബ പി. ബേബി | 01.04.18 | 31.03.19 |
| വെറ്റിനറി സർജൻ | ഷിബു സി.തങ്കച്ചൻ | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആരക്കുഴ സൗത്ത്) | ദീപ്തി .എൻ. | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആരക്കുഴ) | മേരി ഫെർണാണ്ടസ് | 01.04.18 | 31.03.19 |
| ഹെഡ്മാസ്ററർ, യു.പി സ്കൂൾ | പി.എൻ.ലത | 01.04.18 | 31.03.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സൂസമ്മ സി ഡി | 01.04.18 | 31.03.19 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | രസീത് പരിശോധന – അപാകതകൾ | 1-13 |
| 14 | കാലാവധി കഴിഞ്ഞ കെട്ടിട നിർമ്മാണ പെർമിറ്റുകൾ പുതുക്കാതെ കെട്ടിടനമ്പർ അനുവദിക്കുന്നു | 1-14 |
| 15 | വാടക-അപാകതകൾ | 1-15 |
| | | |

| | | |
|---|---|---|
| 16 | പ്രൊഫഷണൽ ചാർജ് ഈടാക്കിയിട്ടില്ല | 1-16 |
| 17 | സാക്ഷരത-തുല്യതാ പരീക്ഷ എഴുതുന്നതിന്റെയും തുല്യത കൈവരിച്ചതിന്റെയും രേഖകൾ ലഭ്യമല്ല | 1-17 |
| 18 | സ്യൂട്ട് രജിസ്റ്റർ- അപാകതകൾ | 1-18 |
| 19 | പ്രോജക്ടിൽനിന്ന് വ്യതിചലിച്ച് ചെലവ് ചെയ്ത തുക നിരാകരിക്കുന്നു | 1-19 |
| 20 | ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ലാപ് ടോപ്പ് നൽകി | 1-20 |
| 21 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-21 |
| 22 | ആശ്രയ -പദ്ധതിവിഹിതം ചെലവഴിച്ചില്ല | 1-22 |
| 23 | കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-23 |
| 24 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രമില്ല - തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-26 |
| | ഭാഗം-2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ലാപ് ടോപ്പുകൾ നൽകി. | 3-1 |
| 28 | പ്രോജക്ടിൽനിന്ന് വ്യതിചലിച്ച് ചെലവ് ചെയ്ത 14250/-രൂപ നിരാകരിയ്ക്കുന്നു | 3-2 |
| 29 | പ്രൊഫഷണൽ ചാർജ് ഈടാക്കിയിട്ടില്ല | 3-3 |
| | ഭാഗം - 4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| 41 | ബാലൻസ് ഷീറ്റ് - 2018-19 | അനുബന്ധം -2 |
| 42 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2018-19 | " |
| 43 | റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2018-19 | " |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28.02.2018 തീയതിയിലെ (1) ാം തീരുമാനംപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 28.02.2019 തീയതിയിലെ (3) ാം തീരുമാനംപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 23.05.2019 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.6.2019 & 11.6.2019 | KSA EKM(PG)1227(59)/19 /2.8.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3614870.00 |
| വരവ് | 48426491.00 |
| ആകെ | 52041361.00 |
| ചെലവ് | 45188013.00 |
| നീക്കിയിരിപ്പ് | 6853348.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവ ഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10795853 | 10795853 | 10795853 | 0 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2227000 | 2227000 | 2227000 | 0 | |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 56000 | 56000 | 56000 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2556000 | 2556000 | 2556000 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 2780000 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 5011000 | 5011000 | 5011000 | 0 | |
| എൻ ആർജിഎസ് ഭരണചെലവ് | 11858 | 224035 | 235893 | 231913 | 3980 | |
| വെസ്റ്റേൺ ഘാട്ട് | 88371 | 3570 | 91941 | 0 | 91941 | |
| ഐസിഡിഎസ് | 355156 | 422131 | 777287 | 500000 | 277287 | |
| വേസ്റ്റ് മാനേജ്മെന്റ് | 0 | 1200000 | 1200000 | 280000 | 920000 | |
| വിമുക്തി | 37500 | 25000 | 62500 | 0 | 62500 | |
| എം പി ഫണ്ട് | 1550 | 0 | 1550 | 1550 | 0 | |
| സാക്ഷരത | 0 | 103138 | 103138 | 103138 | 0 | |
| പ്രളയ ദുരിതാശ്വാസം | 0 | 225000 | 225000 | 183000 | 42000 | |
| ശുചിത്വമിഷൻ | 544814 | 380700 | 925514 | 191600 | 733914 | |
| കേരളോത്സവം | 375 | 0 | 375 | 375 | 0 | |
| ആശ്രയ | 36450 | 0 | 36450 | 0 | 36450 | |
| സംയുക്ത പദ്ധതി ബ്ലോക്ക് വിഹിതം | 42296 | 26859 | 311255 | 254271 | 56984 | |
| സംയുക്ത പദ്ധതി ബ്ലോക്ക് വിഹിതം | 164126 | 117065 | 1281191 | 117065 | 164126 | |
| സംയുക്ത പദ്ധതി ബ്ലോക്ക് വിഹിതം | 51030 | 0 | 51030 | 0 | 51030 | |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചാ. വിഹിതം | 291019 | 0 | 291019 | 291019 | 0 | |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചാ. വിഹിതം | 128000 | 1387114 | 1515114 | 1360625 | 154489 | |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചാ. വിഹിതം | 2968 | 0 | 2968 | 0 | 2968 | |
| ഗ്രണ.വിഹിതം | 29819 | 612600 | 642419 | 621035 | 21384 | |
| ദുരിതാശ്വാസം സംഭാവന | 0 | 184000 | 184000 | 184000 | 0 | |
| നിർമ്മൽ പുരസ്കാരം | 210931 | 0 | 210931 | 0 | 210931 | |
| ദുരിതാശ്വാസനിധി | 25579 | 471054 | 496633 | 129000 | 367633 | |
| മറ്റ് ഏജൻസികൾ | 175426 | 7823 | 183249 | 0 | 183249 | |
| കെയുആർഡിഎഫ് സി ലോൺ | 0 | 1950000 | 1950000 | 1950000 | 0 | |
| തൊഴിലില്ലായ്മവേതനം | 0 | 4920 | 4920 | 4920 | 0 | |
| വിവാഹധനസഹായം | 0 | 120000 | 120000 | 120000 | 0 | |
| ഇൻസെന്റീവ് ബോണസ് | 0 | 14640 | 14640 | 14640 | 0 | |
| ജനറൽ പർപ്പസ് ഫണ്ട് | 121183 | 7510434 | 7631617 | 6741874 | 889743 | |
| തനത് ഫണ്ട് എസ്ബിടി മാറാടി | 9025 | 0 | 9025 | 6498 | 2527 | |
| തനതുഫണ്ട് UBI മാറാടി | 617380 | 2986076 | 3603456 | 1758222 | 1845234 | |
| എസ്ബിഐ ഇ-പേമെന്റ് | 20953 | 57128 | 78081 | 0 | 78081 | |
| ആരക്കുഴ എസ് സി ബി | 649061 | 5725251 | 6374312 | 4468171 | 1906141 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 141 | 42489944 | 121 | 31973856 | 20 | 6 | 85 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11858 | 224035 | 235893 | 231913 | 3980 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയത് | 0 | 12850208 | 12850208 | 12850208 | 0 |
| ആകെ | 11858 | 13074243 | 13086101 | 13082121 | 3980 |

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2018-19 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിതവേതനം | 4920 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 2130800 | 659 |
| വിധവാ പെൻഷൻ | 5466400 | 1700 |
| വാർദ്ധക്യകാല പെൻഷൻ | 13129800 | 3970 |
| വികലാംഗപെൻഷന് | 1814100 | 582 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 357000 | 114 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-01-2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2029/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റാന്റിംഗ് കമ്മിറ്റികൾ

പൊതുഭരണം, ധനകാര്യം, വാർഷികപദ്ധതിപ്രവർത്തനങ്ങൾ, വികസനം, സേവനം, പശ്ചാത്തലം എന്നീ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ ഉൾപ്പെടെ നിയമപ്രകാരം നിർണ്ണയിച്ചുനൽകിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും ചുമതലകൾ നിറവേറ്റുന്നതിനുമുള്ള വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ എല്ലാ മാസവും കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെങ്കിലും എടുത്ത തീരുമാനങ്ങളിലുള്ള പ്രവർത്തനപുരോഗതി തുടർന്ന് വിലയിരുത്തുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന തവണ യോഗം ചേർന്നെങ്കിലും 18-19 പദ്ധതി രൂപീകരണവും, 19-20- പദ്ധതി രൂപീകരണവും മാത്രമാണ് ചർച്ച ചെയ്തത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവ പങ്കാളിത്തം വഹിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല.

നികുതിപിരിവ്

വസ്തു നികുതി/ തൊഴിൽനികുതിയിനങ്ങളിൽ തൻവർഷത്തേയും കുടിശ്ശിക തുകയും പരമാവധി പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ്

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖ പ്പെടുത്തുന്നുണ്ട് . സെക്ഷനുകളിൽ എത്തുന്ന കറണ്ടുകൾ ഫയൽ ആകുന്നതും അവയിലെ നടപടി, തീർപ്പാക്കൽ എന്നിവയും കൃത്യമായി ചെയ്യുന്നുണ്ട്.

സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിൽ തൻവർഷം പ്രോജക്ടുകൾ മുഖാന്തിരവും അല്ലാതെയും നടത്തിയ എല്ലാ വാങ്ങലുകളും ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതി സൂക്ഷിക്കുന്നത്. ഫോമുകളും രജിസ്റ്ററുകളും, സ്ട്രീറ്റ് ലൈറ്റുപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയ വ്യത്യസ്ത വാങ്ങലുകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. എന്നാൽ ഇവയുടെ വിതരണവിവരങ്ങൾ, നീക്കിബാക്കി ഇവയൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ വ്യത്യസ്ത ആവശ്യങ്ങൾക്കായി നടത്തുന്ന വാങ്ങലുകൾ വ്യത്യസ്ത രജിസ്റ്ററുകളിൽ രേഖപ്പെടുത്തി അവയുടെ വിതരണവിവരങ്ങൾ/ നീക്കിബാക്കി കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-12-19 | 01-10-19 മുതൽ 30-11-19 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-01-14 മുതൽ 04-02-14 വരെ | 2008-09 മുതൽ 2012-13 വരെ | 19-03-14 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-13 രസീത് പരിശോധന – അപാകതകൾ

ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി വെറ്ററിനറി സർജന് 02.07.2019 തീയതിയിൽ 6 രസീത് ബുക്കുകൾ (13001 മുതൽ 13006 വരെ)പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് തീരുന്നതിന് മുമ്പ് 03.08.2019 ൽ വീണ്ടും ഒരു രസീത് ബുക്കുകൂടി (13007) അനുവദിച്ചതായി കാണുന്നു. ആദ്യം അനുവദിച്ച രസീത് ബുക്കുകളിൽ 13005 ന് ശേഷം 13006 ഉപയോഗിക്കാതെ 13007 നമ്പർ രസീത് ബുക്കാണ് ഉപയോഗിച്ചിട്ടുള്ളത്. നിലവിൽ 13007 രസീത് ബുക്കിന്റെ 20-ാം നമ്പർ രസീത് വരെ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. 13006 നമ്പർ രസീത് ബുക്ക് ഉപയോഗിച്ചിട്ടുമില്ല. 13006 നമ്പർ രസീത് ബുക്ക് ആവശ്യമില്ലെങ്കിൽ തിരികെ പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ നൽകുമ്പോൾ ആവശ്യകതയ്ക്ക് അനുസരിച്ച് നൽകുവാൻ ശ്രദ്ധിക്കേണ്ടതും ലഭിക്കുന്ന രസീത് ബുക്കുകൾ ക്രമനമ്പർ അനുസരിച്ച് ഉപയോഗിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്.

# 1-14 കാലാവധി കഴിഞ്ഞ കെട്ടിടനിർമ്മാണപെർമിറ്റുകൾ പുതുക്കാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

2011ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17പ്രകാരം പെർമിറ്റ് കാലാവധി അത് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. കാലാവധി അവസാനിച്ച ശേഷം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ പുതുക്കുന്ന സമയത്ത് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ അമ്പത് ശതമാനം

ഈടാക്കി ആദ്യമായി പെർമിറ്റ് നൽകിയ തീയതി മുതൽ ഒമ്പത് വർഷം കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി മൂന്ന് വർഷക്കാലയളവിലേക്കുകൂടി പുതുക്കി നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റിന്റെ കാലാവധി അവസാനിച്ച ശേഷം കെട്ടിടത്തിന് നമ്പറിടുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ പെർമിറ്റ് കാലാവധി അവസാനിച്ചതാണോയെന്ന് പരിശോധിക്കാതെ നമ്പർ നൽകി ഫയൽ ക്ലോസ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | പെർമിറ്റ് നം./ തീയതി | പെർമിറ്റിന്റെ കാലാവധി | വിസ്തീർണ്ണം (ച.മീ.) | കെട്ടിത്തിന്റെ ഉപയോഗക്രമം | നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|---|---|---|---|
| 1 | ബിജു വർഗ്ഗീസ് വല്ലിഞ്ചായിൽ, പണ്ടപ്പിള്ളി | A2-4300/2015/ 03.03.15 | 02.03.18 | 234.95 | വാസഗൃഹം | 27.10.18 |
| 2 | വിധു പി.വി., പുളിക്കത്തടത്തിൽ, മേമടങ്ങ് | A2-2953/2015/ 08.01.16 | 07.01.19 | 196.85 | വാസഗൃഹം | 15.02.19 |
| 3 | ഫിലിപ്പ്,കുര്യപ്ലാവുങ്കൽ, പെരുമ്പല്ലൂർ | A2-3677/2014/ 29.10.14 | 28.10.14 | 224.01 | വാസഗൃഹം | 15.01.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ പെർമിറ്റുകളുടെ കാര്യത്തിൽ ഫീസ് ഈടാക്കി പുതുക്കാതെ ഇത്തരത്തിൽ കെട്ടിട നമ്പർ നൽകുന്ന പ്രവണത ക്രമപ്രകാരമല്ല. ആയതിനാൽ മുകളിൽ പറഞ്ഞിട്ടുള്ള കെട്ടിട ഉടമകളോട് നിയമാനുസൃതമായ ഫീസ് ഈടാക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 വാടക-അപാകതകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.11.2017 ലെ സർക്കാർ ഉത്തരവ് (അച്ചടി ) നം 87/2017 പ്രകാരം വാടകയ്ക്ക് നല്കുന്ന ഷോപ്പിംങ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവയക്ക് ചരക്ക് സേവന നികുതി ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങൾ താഴെപ്പറയുന്ന വ്യക്തികൾക്ക് 2018-19 കാലയളവിൽ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ ഈ വാടകക്കാരിൽ നിന്ന് ചരക്ക് സേവന നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര്, വിലാസം | വാർഡ്/ കെട്ടിട നമ്പർ | ഈടാക്കേണ്ട പ്രതിമാസ വാടക | ജി.എസ്.ടി ഈടാക്കാതിരുന്ന മാസങ്ങൾ | തുക/ ആകെത്തുക | ഈടാക്കേണ്ട ജി.എസ്.ടി തുക (18%) |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി, ആരക്കുഴ പാലുല്പാദക സഹകരണ സംഘം | III/82B | 348 | 8 | 2784 | 502 |
| | | IV/30 | 1078 | 8 | 8624 | 1553 |
| 2 | ഡിപ്പോ മാനേജർ സപ്ളൈക്കോ | IV/13 | 2291 | 12 | 27492 | 4949 |
| 3 | പ്രസിഡന്റ് & സെക്രട്ടറി, സെന്റ് മേരീസ് കുടുബശ്രീ യൂണിറ്റ് | III/174A | 348 | 7 | 2436 | 439 |
| | | III/174B | 348 | 3 | 1044 | 188 |
| | | | | | ആകെ | 7631 |

ഇപ്രകാരം ജിഎസ് ടി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ജി.എസ്.ടി നമ്പർ ലഭിച്ച് സാംഖ്യയിൽ ചേർക്കുവാൻ വന്ന കാലതാമസം മൂലമാണ് തുക ഈടാക്കാത്തതെന്നാണ് (നം.15) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബന്ധപ്പെട്ടവരിൽ നിന്നും ജി.എസ്.റ്റി.തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-16 പ്രൊഫഷണൽ ചാർജ് ഈടാക്കിയിട്ടില്ല

ആരക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ കേസുകൾ വാദിച്ചതിന് അഡ്വ.ഷൈസൻ പി. മാങ്കുഴയ്ക്ക് 75000/- രൂപ 21800011/06.04.18 നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമത്തിലെ വകുപ്പ് 194 ജെ പ്രകാരം 75000/- രൂപ വക്കീൽ ഫീസ് നൽകിയതിന്മേൽ പ്രൊഫഷണൽ ചാർജ്ജായി 10% തുക (7500/-രൂപ) ഈടാക്കിയിട്ടില്ല. മേൽ തുക ഈടാക്കാതെ വക്കീൽ ഫീസ് നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ പ്രൊഫഷണൽ ചാർജ്ജായി ഈടാക്കേണ്ട 10% തുക (7500/-രൂപ) ഉത്തരവാദികളിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

## 1-17 സാക്ഷരത-തുല്യതാ പരീക്ഷ എഴുതുന്നതിന്റെയും തുല്യത കൈവരിച്ചതിന്റെയും രേഖകൾ ലഭ്യമല്ല.

| | | | |
|---|---|---|---|
| പ്രോജക്ട് നം. | 18/2019 | | |
| പ്രോജക്ടിന്റെ പേര് | സാക്ഷരതാ പഠിതാക്കൾക്ക് കോഴ്സ് ഫീസ് | | |
| അടങ്കൽതുക | വികസന ഫണ്ട് :60,000.00<br>തനത് ഫണ്ട്. :40,000.00<br>ആകെ : 1,00,000.00 | | |
| ചെലവ് വിവരം | ബിൽ/ചെക്ക് നം | തീയതി | തുക |
| | 2/2018-19 | 16.11.2018 | 60000.00 |
| | 0747756 | 12.11.2018 | 226000.00 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്റ്ററസ്, GUPS, പണ്ടപ്പിള്ളി | | |

മേൽ പ്രോജക്ട് പ്രകാരം 40 സാക്ഷരതാ പഠിതാക്കൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനായി കോഴ്സ് ഫീസ് ചെലവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം. | കോഴ്സ് | എണ്ണം | ഫീസ് | ആകെ |
|---|---|---|---|---|
| 1 | എസ്.എസ്.എൽ,സി | 17 | 1850.00 | 31450.00 |
| 2 | പ്ലസ് വൺ | 21 | 2250.00 | 47250.00 |
| 3 | പ്ലസ് ടു | 2 | 1980.00 | 39000.00 |
| ആകെ | | 40 | 82,600.00 | |

എന്നാൽ മേൽപ്പറഞ്ഞ തുല്യതാ പരീക്ഷ എഴുതിയതിന്റെയോ തുല്യത കൈവരിച്ചതിന്റെയോ വിവരമോ പേരുവിവരമോ ഓഡിറ്റ് എൻക്വയറി (1/09.01.2020) നല്കിയിട്ടും ലഭ്യമാക്കിയിട്ടില്ല. തുല്യതാ പരീക്ഷ എഴുതിയിതന്റെയും തുല്യത കൈവരിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 സ്യൂട്ട് രജിസ്റ്റർ- അപാകതകൾ.

സ്യൂട്ട് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ സ്ഥിതി ഹൈക്കോടതിയുടെ വെബ് സൈറ്റിൽ നിന്നും കീഴ് കോടതികളിലെ കേസ്സുകളുടെ സ്ഥിതി eCourt Service എന്ന വെബ്

സൈറ്റിൽ നിന്നും എളുപ്പത്തിൽ കണ്ടെത്താൻ കഴിയുമെന്നിരിക്കെ ഏതെല്ലാം കോടതികളിൽ എത്ര കേസുകൾ പഞ്ചായത്തിനെതിരെ നിലവിലുണ്ടെന്നോ ടി കേസുകളുടെ നിലവിലെ അവസ്ഥയെക്കുറിച്ചോ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. നിലവിലുള്ള കേസ്സുകളിൽ ഇടക്കാല ഉത്തരവുകൾ ഉണ്ടോയെന്നോ പഞ്ചായത്ത് എതിർ സത്യവാങ്ങ്മൂലം ഫയൽ ചെയ്തിട്ടുണ്ടോയെന്ന വിവരവും കേസുകളുടെ നിലവിലെ അവസ്ഥയെന്തെന്നും സ്യൂട്ട് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-19 പ്രോജക്ടിൽനിന്ന് വ്യതിചലിച്ച് ചെലവ് - അംഗീകരിക്കുന്നില്ല.

മാറാ രോഗികളുടെ പരിചരണത്തിനുവേണ്ടി ചിലവഴിക്കേണ്ട തുകയിൽ നിന്ന് 14250/-രൂപ പാലിയേറ്റീവ് രജിസ്റ്ററിൽ ഇല്ലാത്ത സി.എച്.സിയിൽ ചികിത്സ തേടിയെത്തിയ രോഗികൾക്ക് യോഗാ ക്ലാസ് നടത്തുന്നതിന് ചെലവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ പരാമർശിച്ചിരിയ്ക്കുന്നു.

## 1-20 ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ലാപ് ടോപ്പ് നൽകി

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 128000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. വിശദവിവരം ഖണ്ഡിക 3-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-21 വയബിലിറ്റി ഗ്യാപ്പ് ഫണ്ട്- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പദ്ധതിയിൽപ്പെടുത്തി (പ്രോ.നം.97/19) വിവിധബില്ലുകൾ പ്രകാരം വികസനഫണ്ടിൽ നിന്നും 49500/- ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 32500/- രൂപ മാലിന്യം നീക്കുന്ന വാഹനത്തിന്റെ ഡ്രൈവർക്ക് വേതനം നൽകുന്നതിനും 17000/-രൂപ ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്ലാസ്റ്റിക് വേസ്റ്റ് തരം തിരിച്ചതിന്റെ കൂലിയിനത്തിലുമാണ് ചെലവഴിച്ചിരിയ്ക്കുന്നത്. തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിയ്ക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രാഥമികചെലവ് വഹിയ്ക്കുന്നതിനായി ആറ് മാസത്തേയ്ക്കായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഹരിതകേരളമിഷന്റെ 23-05-18 ലെ എച്ച്.കെ.എം/എ2/1218/2017 ഉത്തരവിൽ ഗ്രാമപഞ്ചായത്തിൽ വാർഡൊന്നിന് (ഒരു വാർഡിൽ 500 വീടുകൾ എന്ന് കണക്കാക്കി ) 23175/- രൂപയും, 500 ൽ താഴെ വീടുകളുള്ളപ്പോൾ വാർഡൊന്നിന് 23175/500* നിലവിലുള്ള വീടുകളും സ്ഥാപനങ്ങളും ) എന്ന നിരക്കിലുമാണ് ചെലവനുമതി നൽകിയിരിയ്ക്കുന്നത്. ഇപ്രകാരം വാർഡ് തലത്തിലല്ലാതെ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8) വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ച ബിന്നുകളിലെ വേസ്റ്റ്, ഡ്രൈവർ ശേഖരിച്ച് പൊതുകേന്ദ്രത്തിൽ എത്തിച്ച് ഹരിതകർമ്മസേനാംഗങ്ങൾ മുഖേന തരംതിരിയ്ക്കുകയാണ് ചെയ്തതെന്നതിനാലാണ് തുക ഇപ്രകാരം ചെലവഴിച്ചത് എന്നാണ് മറുപടി നൽകിയത് . ഭീമമായ തുക ചെലവഴിച്ചിട്ടില്ല എന്നതിനാൽ മറുപടി അംഗീകരിയ്ക്കുന്നു. മേലിൽ സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം മാത്രം ചെലവ് ചെയ്യുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-22 ആശ്രയ -പദ്ധതിവിഹിതം ചെലവഴിച്ചില്ല

ആശ്രയ അഗതിരഹിതകേരളം പദ്ധതിയ്ക്കായി തൻവർഷം വികസനഫണ്ടിൽ നിന്നും 2 ലക്ഷം രൂപ (ബിൽ നം.3/7-5-18) ചെലവഴിച്ചിട്ടുണ്ട്. നിലവിൽ തുക ആശ്രയയുടെ പഴയ അക്കൗണ്ടിലേയ്ക്ക് (A/c no.403202010004495. യൂണിയൻ ബാങ്ക്) മാറ്റുക മാത്രമാണ് ചെയ്തത്. സ.ഉ (എംഎസ്) 252/2017/തസ്വഭവ/12-12-17 പ്രകാരം അഗതിരഹിതകേരളം പദ്ധതി എന്ന പുതിയപദ്ധതി തുടങ്ങുകയും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ 3-ാം ഘട്ടപ്രോജക്ട് തയ്യാറാക്കി കുടുംബശ്രീ ജില്ലാമിഷന്റെ അംഗീകാരം നേടിയിട്ടുണ്ട്. അഗതിരഹിതകേരളം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 3-1-2 ൽ ആശ്രയ ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും കാസ് ഓഡിറ്റ് പൂർത്തിയാക്കി അക്കൗണ്ടുകളിൽ മിച്ചമുള്ള തുക മൂന്നാം ഘട്ട പദ്ധതിയ്ക്കായി ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിയ്ക്കുവാനും, ഖണ്ഡിക 3-4ൽ, അക്കൗണ്ടിലേക്ക് മാറ്റുന്ന തുകയിൽ ചലഞ്ച് ഫണ്ട്, അതിന്റെ പലിശ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകി വേണം അക്കൗണ്ട് ക്ലോസ് ചെയ്യാൻ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഒന്നും രണ്ടും ഘട്ടങ്ങൾക്കായി നിലവിലുണ്ടായിരുന്ന അക്കൗണ്ട് ക്ലോസ് ചെയ്ത് തുക പുതിയ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ച് പദ്ധതിപ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടില്ല. 18-19 ൽ നൽകിയ പദ്ധതിവിഹിതമുൾപ്പെടെ 1122649/- രൂപ ഓഡിറ്റ് തീയതിയിൽ അക്കൗണ്ടിൽ ശേഷിക്കുന്നു. പ്ലാൻഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയതിനാൽ എത്രയും വേഗം പദ്ധതിപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ താഴെ പറയുന്നവയിൽ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 01.04.17 മുതൽ പ്രാബല്യത്തിലുള്ള 49.02% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് കണക്കാക്കിയത്. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീറുടെ 19.09.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 01.10.2017 മുതൽ എറണാകുളത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 46.08% ആയി പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ നടപ്പിലാക്കിയ ചില പ്രൊജക്ടുകളിൽ എറണാകുളത്തിന് ബാധകമായ പഴയ നിരക്കായ 49.02% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചു കൊടുത്തിരിക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണ്. ആയത് പ്രകാരം കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവു വരുത്തണമായിരുന്നു. 2018-19 ൽ കരാർ വച്ച പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ എറണാകുളത്തിന് ബാധകമായ പുതിയ നിരക്കിലാണ് (46.02 %) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം, 01.10.2017 നു ശേഷം കരാർ ചമച്ച്, പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 46.08 % ന് പകരം 49.02% കോസ്റ്റ് ഇൻക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെ ചേർത്ത പ്രൊജക്ടുകളിൽ അധികതുക കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊ.നം/പേര് | 113/19 തോട്ടക്കര നടുക്കുന്ന് റോഡ് മെയിന്റനൻസ് |
| ആകെ ചെലവ് | 381456/- |
| 10% O.H കുറക്കുക | (-)381456x100/110=346778/- |
| 10% C.P കുറക്കുക | (-)346778x100/110=315253/- |
| 49.02% cost index കുറക്കുക | (-)315253x100/149.02=211551/- |
| അടിസ്ഥാന മൂല്യം | 211551/- |
| (+)46.08% cost index കൂട്ടുക | (+)211551x146.08%=309034/- |
| (+)10% C.P.കൂട്ടുക | (+)309034x110%=339937/- |
| (+) 10% O.H.കൂട്ടുക | (+)339937x110%=373931/- |
| കരാറുകാരന് അർഹതപ്പെട്ട തുക | 373931/- |
| അധികം നൽകിയത് | 381456-373931=7525/- |
| അധികം നൽകിയ ശതമാനം | 7525x100/373931=2.01% |

ഇപ്രകാരം പ്രവൃത്തിയ്ക്ക് അധികം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി/അളവ് പുസ്തകം/ കരാറുകാരൻ | കരാർ നം/ തീയതി | ആകെ ചെലവ് | അവസാന ബിൽ തുക, ചെക്ക് നം തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 113/19 തോട്ടക്കര നടുക്കുന്ന് റോഡ് മെയിന്റനൻസ്, പി കെ ശിവൻ | 18/17-18, 28.12.17 | 381456/- | 381456/- 1)3909788/04.05.18 2)9927926/29.05.18 | 31.03.18 | 7525/- |
| | | | | | ആകെ | 7525/- |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ 14.09.17ൽ ടെണ്ടർ നടത്തിയത് സിംഗിൾ ബിഡ് മാത്രമായതിനാൽ 17.11.2017ൽ ആണ് റീടെണ്ടർ ചെയ്തത്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം മാത്രമേ സാങ്കേതികാനുമതിയിൽ മാറ്റം വരുത്തുവാൻ കഴിയുകയുള്ളൂവെന്നും ആയതിന് കാലതാമസം എടുക്കും എന്നതുമുള്ളതുകൊണ്ടുമാണ് ടെണ്ടർ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് നടപ്പാക്കിയത്. കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി, പൊതു പണം കുറഞ്ഞ നിരക്കിൽ ഉപയോഗിച്ച് ഗുണമേന്മയുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടത്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 കാലി വീപ്പയുടെ വില ഈടാക്കിയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ഏതാനും ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യണമായിരുന്നു. ഇ - ഗവൺമെൻറ് പ്രൊക്യൂർമെൻറ് ടെണ്ടർ നോട്ടീസിലെ 71- ാം ഇനമായി ഉൾപ്പടുത്തിയിട്ടുള്ള വ്യവസ്ഥയിൽ സിമന്റ് ബാഗ്, കാലി ബാരൽ എന്നിവ സ്ഥാപനത്തിലേക്ക് തിരിച്ചേൽപ്പിക്കേണ്ടതില്ലെന്നും ആയതിന് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവാകുന്ന നിശ്ചിത വില ബില്ലിൽ നിന്നും ഈടാക്കിയാൽ മതിയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ബാരൽ വില കുറവ് ചെയ്യാത്തതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ബിറ്റുമിൻ ഉപയോഗിച്ച അളവ് (kg) | കരാറുകാരൻ |
|---|---|---|
| കണ്ണങ്ങാടി ഉപ്പുകണ്ടം റോഡ് ടാറിംഗ് | 967.139 | പി കെ ശിവൻ |
| കണ്ണാത്ത്കുടി പീടിക പെരിങ്ങ ലിറ്റിൽ പ്ലാക്കിത്തടം എലവുംചുവട് റോഡ് റീ ടാറിംഗ് | 2355.642 | പി കെ ശിവൻ |
| ആരക്കുഴ ചന്ത റോഡ് കോൺക്രീറ്റിംഗ് ആന്റ് ടാറിംഗ് | 3738 | പോൾ കെ വി |
| കണ്ടത്തിൽ താഴം റോഡ് ടാറിംഗ് | 1912.15 | പോൾ കെ വി |
| പാലച്ചുവട് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | 1356.67 | ജോബി ജോർജ്ജ് |
| മുല്ലപ്പടി മലേക്കുരിശ് റോഡ് റീടാറിംഗ് | 3327.339 | പോൾ കെ വി |
| ഓടക്കൽ കടവ് റോഡ് ടാറിംഗ് | 1265 | പ്രവീൺ വർഗീസ് |

കാലി വീപ്പയുടെ വില ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ജി എസ് ടി ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 വിനിയോഗസാക്ഷ്യപത്രമില്ല- തുക തടസ്സപ്പെടുത്തുന്നു.

പി.എം.എ.വൈ പ്രവർത്തനങ്ങൾക്കായി (പ്രോ.നം.8/19)660000/- രൂപ വികസനഫണ്ടിൽ നിന്നും 6/23-05-18 നം ബിൽ പ്രകാരം മാറി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ ചെലവുതുക 660000/-തടസ്സപ്പെടുത്തുന്നു.

# 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗവിവരം ലഭ്യമാക്കിയില്ല-

തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ നിക്ഷേപപ്രവർത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക | വൗച്ചർ നം./ബിൽ നം |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കടുക്കാസിറ്റി കളപ്പുരക്കുടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 | 120000/- | 0 | 120000/- | 33/30-11-18 |
| KSEB | മധുരം ബേക്കറി -മട്ടമ്പംചാൽകടവ്റോഡ് മാറ്റാപ്പിള്ളിത്താഴം അമ്പലം റോഡ്എസ് എൻഡിപി കൊമ്പനാൽത്താഴംറോഡ് സ്ട്രീറ്റ്മെയിൻ സ്ഥപിയ്ക്കൽ വാർഡ്1 | 83014/- | 0 | 83014/- | 34/30-11-18 |
| KSEB | ആക്കപറമ്പിൽപൊട്ടൻമല റോഡ്, പൊട്ടൻമല-തോലാനിക്കുന്ന് റോഡ്, പണ്ടപ്പിള്ളി പൊട്ടൻമല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ വാർഡ് 9 | 49206/- | 0 | 49206/- | 19/29-09-18 |
| KSEB | ആറൂർ തടിയനാനി മല റോഡ് (അമേരിക്കൻ കോളനിയ്ക്ക് സമീപം) സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | 33000/- | 0 | 33000/- | 47/24-01-19 |
| KSEB | മുതുകല്ല് മുരിങ്ങം റോഡ്, ഉപ്പുകണ്ടം പെരുമ്പല്ലൂർ കനാൽ റോഡ്, ചീങ്കല്ല് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കലും ലൈൻ ഷിഫ്റ്റിംഗും വാർഡ്13 | 151026/- | 0 | 151026/- | 41/11-01-19 |
| KSEB | മാളിയേക്കത്താഴം -ആച്ചക്കോട്ടിമല സ്ട്രീറ്റ്മെയിൻ സ്ഥാപിയ്ക്കൽ വാർഡ് 6 | 59909/- | 0 | 59909/- | 23/15-10-18 |
| വാട്ടർ അതോറിട്ടി | പ്ലാക്കിത്തടം കടിവെള്ളപദ്ധതി വാട്ടർ ടാങ്ക് സ്ഥാപിയ്ക്കൽ വാർഡ് 11 | 225000/- | 0 | 225000/- | 31800855/ 22-01-19 081999/ 22-01-2 |
| | ആകെ | 721155/- | | 721155/- | |

ടി പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ തുക 721155/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ലാപ് ടോപ്പുകൾ നൽകി.

| | | | |
|---|---|---|---|
| പ്രോജക്ട് നം | S0011/2019 | | |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ. | | |
| അടങ്കൽ തുക | 2,56,000/- | | |
| ചെലവ് വിവരം | ബിൽ നം. | തീയതി | തുക |
| | 6/2018-19 | 16.11.2018 | 2,56,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. | | |
| യൂണിറ്റ് കോസ്റ്റ് | 25,600/- | | |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ 10 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ നൽകിയിട്ടുണ്ട്. ലാപ് ടോപ്പുകൾ ലഭിച്ചവരിൽ,

1) ഡിജിൽ രാജ് (വാർഡ് 4 ),
2) അരവിന്ദ് കെ.സോമൻ (വാർഡ് 1 ),
3) പ്രസീണ പ്രസാദ് (വാർഡ് 6 ),
4) ആര്യ ഗോപി (വാർഡ് 7 ),
5) അബീന ബേബി (വാർഡ് 12 ) എന്നീ 5 വിദ്യാർത്ഥികളുടെ അപേക്ഷകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ബന്ധപ്പെട്ട ഗ്രാമസഭകളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. മേൽ പേരുകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ലാപ് ടോപ്പുകൾ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.3/14.01.2019) യോഗ്യരായ അപേക്ഷകർ ഇല്ലാത്തതിനാൽ തുക ലാപ്സാകുന്നത് ഒഴിവാക്കുന്നതിന് ബ്ലോക്കിലെ വിജയഭേരി സ്കോളർഷിപ്പ് അപേക്ഷാ ലിസ്റ്റിൽനിന്നും യോഗ്യരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ നൽകിഎന്ന മറുപടിയാണ് നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ചത്. മേൽപ്രകാരം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ ലിസ്റ്റിന് ഗ്രാമസഭയോ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയോ അംഗീകാരം നൽകിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 വകുപ്പ് 3എ (9) പറയുന്നത് ഇപ്രകാരമാണ്. “ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി, അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്തശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നല്കുന്ന അതതു ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെക്കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽവച്ച് ഗ്രാമസഭ സൂക്ഷ്മപരിശോധന നടത്തേണ്ടതും,

മുൻഗണനാ ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കുന്ന ലിസ്റ്റിലെ മുൻഗണനാ ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്തുവാൻ പാടില്ലാത്തതാണ്. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ലാത്തതിനാലും കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 3 എ (9) പ്രകാരം ഗ്രാമസഭയുടെയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും അംഗീകാരം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് നൽകിയ ലാപ്പ്ടോപ്പുകളുടെ വിലയായ 1,28,000/- (25600x5=128000/-) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രോജക്ടിൽനിന്ന് വ്യതിചലിച്ച് ചെലവ് ചെയ്ത 14250/-രൂപ നിരാകരിയ്ക്കുന്നു

| | | | |
|---|---|---|---|
| പ്രോജക്ട് നം. | SO019/2019 | | |
| പ്രോജക്ടിന്റെ പേര് | മാറാ രോഗികൾക്കുള്ള പരിചരണം. | | |
| അടങ്കൽ തുക | 495700/- | | |
| ചിലവ് തുക | 491740/- | | |
| ചെലവ് വിവരം | ചെക്ക്. നം. | തീയതി | തുക |
| | 9927936 | 28.12.2018 | 14250/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | | |

മാറാ രോഗികൾക്ക് അവരുടെ വാസ സ്ഥലത്ത് ചെന്ന് പരിചരണം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ മാറാ രോഗികളുടെ പരിചരണത്തിനുവേണ്ടി ചെലവഴിക്കേണ്ട തുകയിൽ നിന്ന് 14250/-രൂപ പാലിയേറ്റീവ് രജിസ്റ്ററിൽ ഇല്ലാത്ത സി.എച്ച്.സി യിൽ ചികിത്സ തേടിയെത്തിയ രോഗികൾക്ക് യോഗാ ക്ലാസ്സിന് ചെലവാക്കിയിട്ടുണ്ട്. മേൽപ്രകാരം തുക ചെലവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.15)ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിൽനിന്ന് വ്യതിചലിച്ച് ചെലവ് ചെയ്ത 14250/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പ്രൊഫഷണൽ ചാർജ് ഈടാക്കിയിട്ടില്ല

ആരക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ കേസുകൾ വാദിച്ചതിന് അഡ്വ.ഷൈസൻ പി. മാങ്കുഴയ്ക്ക് 75000/- രൂപ 21800011/06.04.18 നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമത്തിലെ വകുപ്പ് 194 ജെ പ്രകാരം 75000/- രൂപ വക്കീൽ ഫീസ് നൽകിയതിന്മേൽ പ്രൊഫഷണൽ ചാർജ്ജായി 10% തുക (7500/-രൂപ) ഈടാക്കിയിട്ടില്ല. മേൽ തുക ഈടാക്കാതെ വക്കീൽ ഫീസ് നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ പ്രൊഫഷണൽ ചാർജ്ജായി ഈടാക്കേണ്ട 10% തുക (7500/-രൂപ) ഉത്തരവാദികളിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | പാലിയേറ്റീവ് കെയർ പദ്ധതി | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 450000 | പാൽ ഇൻസെന്റീവ് | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 38128 | ചാണകപ്പാറ കോളനി റോഡ് സൈഡ്ഭിത്തി കോൺക്രീറ്റിംഗ് വാർഡ്-10 | 38128 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 67065 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 67065 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 230831 | വിവിധ റോഡുകളുടെ നിർമ്മാണം- എംജിഎൻആർഇജിഎസ് കൺവർജൻസ് പദ്ധതി | 507162* | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | ലൈഫ് ഭവനപദ്ധതി- സ്ഥലമുള്ളവർക്ക് വീടിന് സഹായം | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 116314 | നെൽകൃഷി വികസനം | 116314 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 270800 | പാലിന് സബ്സിഡി | 270800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 173511 | 26489 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 800000 | ലൈഫ് ഭവനപദ്ധതി- സ്ഥലമുള്ളവർക്ക് വീടിന് സഹായം | 800000 | 0 |

* മുന്നിരിപ്പ് 276331/- ഉൾപ്പെടെ

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | വൗച്ചർ നം. / ബിൽ നം |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കടുക്കാസിറ്റി കളപ്പുരക്കടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 | 120000/- | | 0 | 33/30-11-18 |
| KSEB | മധുരം ബേക്കറി -മട്ടമ്പംചാൽകടവ് റോഡ്, മാറ്റാപ്പിള്ളിത്താഴം അമ്പലം റോഡ്, എസ് എൻഡിപി കൊമ്പനാൽത്താഴം റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ വാർഡ്1 | 83014/- | 0 | 83014/- | 34/30-11-18 |
| KSEB | ആക്കപറമ്പിൽപൊട്ടൻമല റോഡ്, പൊട്ടൻമല-തോലാനിക്കുന്ന് റോഡ്, പണ്ടപ്പിള്ളി പൊട്ടൻമല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ വാർഡ് 9 | 49206/- | 0 | 49206/- | 19/29-09-18 |
| KSEB | ആറൂർ തടിയനാനി മല റോഡ് ( അമേരിക്കൻ കോളനിയ്ക്ക് സമീപം) സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | 33000/- | 0 | 33000/- | 47/24-01-19 |
| KSEB | മുതുകല്ല് മുരിങ്ങം റോഡ്, ഉപ്പുകണ്ടം പെരുമ്പല്ലൂർ കനാൽ റോഡ്, ചീങ്കല്ല് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കലും ലൈൻ ഷിഫ്റ്റിംഗും – വാർഡ് 13 | 151026/- | 0 | 151026/- | 41/11-01-19 |
| KSEB | മാളിയേക്കത്താഴം –ആച്ചക്കോട്ടിമല സ്ട്രീറ്റ്മെയിൻ സ്ഥാപിയ്ക്കൽ വാർഡ് 6 | 59909/- | 0 | 59909/- | 23/15-10-18 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിട്ടി | പ്ലാക്കിത്തടം കുടിവെള്ളപദ്ധതി വാട്ടർ ടാങ്ക് സ്ഥാപിയ്ക്കൽ വാർഡ് 11 | 225000/- | 0 | 225000/- | 31800855/ 22-01-19 081999/ 22-01-19 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 849/10, 12.03.2010 | 2737600/- | 21208/- | 212080/- | - | 0 |
| KURDFC ലോൺ-ലൈഫ് | നം.34/18/ തസ്വഭവ/16-03-18 | 1950000/- | 1950000/- | - | - | 1950000/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 7614/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2016-17 | 2-2 | 7614/- | നെല്ലൂർ മാത്യു നെല്ലൂർ | 118010100459-467/ 23-05-18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽ ലേലം -ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതുവഴി 39700/- പഞ്ചായത്തിനു നഷ്ടം | നിയമസഭാസമിതി ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി 2006-08 -18-ാം റിപ്പോർട്ട് പേജ്- 109-ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം- ക്രമക്കേട് | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| „ | 34 | „ | 371 | വീട് നന്നാക്കാൻ -അനധികൃത ചെലവ് | ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| „ | 48 | „ | 372 | ഉപാധിരഹിതഫണ്ട്- റോഡ് ടാറിംഗ്- ഫണ്ട് ദുർവിനിയോഗം | സർചാർജ്ജ് നടപടി ജില്ലാകോടതി തടഞ്ഞിട്ടുള്ളതാണ്. |
| „ | 49 | „ | 376 | റോഡ്ു പണി- ക്രമക്കേടുകൾ | „ |
| „ | 50 | „ | 387 | „ | „ |
| „ | 51 | „ | 381 | „ | „ |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം- അധികചെലവ് | |

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48426491 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45188013 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 142250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1381155 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 128000 | ശ്രീ.അഫ്സൽരാജ്.എം.ആർ, അസി.സെക്രട്ടറി |
| 3-3 | - | 14250 | ഡോ.മോഹൻദാസ്.ടി.കെ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | ആകെ | 142250 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6600000 | ദീപ്തി.എൻ, വി ഇഒ, |
| 1-26 | 721155 | പി എൻ.പ്രസാദ്,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | 7500/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഫ്സൽരാജ്.എം.ആർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി,ആരക്കുഴ ഗ്രാമപഞ്ചായത്ത് | കൊല്ലാർകുളങ്ങര, ആര്യാട്.പി.ഒ.,ആലപ്പുഴ |
| ഡോ.മോഹൻദാസ്.ടി.കെ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ആരക്കുഴ ഗ്രാമപഞ്ചായത്ത് | കൃഷ്ണകടാക്ഷം, പിറവം |
| ശ്രീ.പി.എൻ.പ്രസാദ്, സെക്രട്ടറി | സെക്രട്ടറി, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് | പുത്തൻവീട്, കാക്കനാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 12-13,13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |
| 17-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

ന്യൂനതകളുടെ സംഗ്രഹം

1. സ.ഉ(എം.എസ്) 152/2011/ ത.സ്വ.ഭ.വ./ 26.7.2011 പ്രകാരം ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. വസ്തുനികുതി സംബന്ധിച്ച് വാർഷികധനകാര്യപത്രികയിലെ കണക്കുകളും സഞ്ചയ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല..

ഡെപ്യൂട്ടി ഡയറക്ടർ

<u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of Arakkuzha Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Arakkuzha Grama Panchayat for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Annexure

Abstrct of Defects / Discripancies.

1. As per GO(Ms) 152/2011/ LSGD / 26.07.2011 all assets including land has to be included in the asset register. But the asset register is not yet updated and reconceiled with the Annual Financial Statement.
2. The receipt under the head Property Tax in AFS differs with the receipt in Sanchaya accounts.

DEPUTY DIRECTOR